**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്ന പ്രവൃത്തി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയശേഷം നിർമ്മാണം മന്ദഗതിയിലായതായി പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണത്തിനായി ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ ലൈഫ് മിഷൻ മുഖേന പട്ടികജാതി വിഭാഗങ്ങൾക്കായി അനുവദിച്ച 73731 വീടുകളിൽ 49729 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിച്ച 51334 വീടുകളിൽ 49994 ഭവനങ്ങൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർധിച്ചതും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന ഉൾപ്രദേശങ്ങളിൽ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചെലവ് കൂടുതലായതും കാരണം പ്രസ്തുത വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ചെലവാകുന്ന തുക മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. 4 ലക്ഷം രൂപ വീതമാണ് ഭവന നിർമ്മാണത്തിന് തുക അനുവദിക്കുന്നത്. നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ചതിനാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന ഉൾപ്രദേശങ്ങളിൽ നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചിലവ് കൂടുതലും പരിഗണിച്ച് നിലവിൽ ലൈഫ് മിഷൻ മുഖേന അനുവദിക്കുന്ന 4 ലക്ഷം രൂപ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉള്ളിലും സങ്കേതങ്ങളോട് ചേർന്നു വരുന്ന പ്രദേശത്തും അതീവ ദുർഘട പ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കാൾക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം 6 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി വകുപ്പിന്റെ ദുർബല പുനരധിവാസ പദ്ധതി പ്രകാരം 6 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. ഇതിനുപുറമേ |

| | | | |
|---|---|---|---|
| | | | എന്തെങ്കിലും സാഹചര്യങ്ങളാൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് രണ്ടു ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് രണ്ടര ലക്ഷം രൂപയും ഭവന പൂർത്തീകരണത്തിനായി അനുവദിക്കുന്ന "സേഫ്" പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>ലൈഫ് മിഷൻ മുഖേന പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധന സഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്. |
| (സി) | ഇക്കാരണത്താൽ ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുവയ്ക്കാനുള്ള പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ നിർമ്മാണം ഭൂരിഭാഗവും പാതിവഴിയിൽ നിലച്ച സ്ഥിതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കാനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | മറുപടി (ബി) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ